–

കേരള സർക്കാർ

നമ്പർ : LSGD/JD/MPM/5588/2024-H1

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം.
ഇ-മെയിൽ: jdlsgdmpm@gmail.com
ഫോൺ: 0483-2734838
തീയ്യതി: 26-07-2024

പ്രേക്ഷിതൻ,
ഇന്റേണൽ വിജിലൻസ് ഓഫീസർ/
കൺവീനർ,
സ്ഥിര അദാലത്ത് ഉപജില്ലാ സമിതി-2

സ്വീകർത്താവ്,
സെക്രട്ടറി
വളാഞ്ചേരി നഗരസഭ
കുറ്റിപ്പുറം, വട്ടംകുളം, ആതവനാട് ഗ്രാമ പഞ്ചായത്തുകൾ

സാർ,

വിഷയം : സ്ഥിരഅദാലത്ത് ഉപസമിതിയിൽ ലഭിച്ച പരാതികൾ തീർപ്പാക്കിയത്- മിനുട്സ് അയക്കുന്നത്-സംബന്ധിച്ച്

സൂചന : 23-7-24ലെ അദാലത്ത് സിറ്റിംഗ്

സ്ഥിര അദാലത്ത് ഉപജില്ലാ സമിതിയുടെ 23-7-24ന് ചേർന്ന അദാലത്ത് സിറ്റിംഗിൽ പരിഗണിച്ച് തീർപ്പാക്കിയ പരാതികളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി മിനുട്സ് അനുബന്ധമായി ചേർത്ത് അയക്കുന്നു. സെക്രട്ടറിമാർ അദാലത്ത് തീരുമാനങ്ങൾ നടപ്പാക്കി വിവരം അദാലത്ത് സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ

KHALID P K
INTERNAL VIGILANCE OFFICER

പകർപ്പ് :
1. ഡെപ്യൂട്ടി ടൌൺ പ്ലാനർ (സമിതി അംഗം)
2. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റിപ്പുറം ബ്ലോക്ക്

സിറ്റിസൺ അസിസ്റ്റന്റ്

**തദ്ദേശ സ്വയം ഭരണ വകുപ്പിൽ സ്ഥിരം അദാലത്ത്**

(കെട്ടിട നിർമ്മാണ പെർമിറ്റ് , പൂർത്തീകരണം, ക്രമവത്കരണം, നമ്പറിംഗ്, സലൈസൻസുകൾ, ജനന മരണ , വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹരജികൾ പരിഗണിക്കുന്നതിന്)

ഉപജില്ലാ അദാലത്ത് സിറ്റിംഗ് തീയ്യതി 23/07/2024 2 PM

**മിനുട്ട്സ്**

ഹാജർ:-

ശ്രീ. ഖാലിദ് പി കെ, ഇന്റേണൽ വിജിലൻസ് ഓഫീസർ(കൺവീനർ)

| | |
|---|---|
| ശ്രീമതി. റെനി L J | ഡെപ്യൂട്ടി ടൌൺ പ്ലാനർ(അംഗം) |
| ശ്രീമതി. ദിവ്യ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ(അംഗം) |
| ശ്രീമതി. സീന | സെക്രട്ടറി, വളാഞ്ചേരി മുനിസിപ്പാലിറ്റി |
| ശ്രീമതി. ഷിനി | അസി.എഞ്ചിനീയർവളാഞ്ചേരി മുനിസിപ്പാലിറ്റി |
| ശ്രീ. പ്രദീപ് | സെക്രട്ടറി, ആതവനാട് ഗ്രാമ പഞ്ചായത്ത് |
| രാജലക്ഷമി | സെക്രട്ടറി, വട്ടംകുളം ഗ്രാമ പഞ്ചായത്ത് |
| ഫെലിക്സ് ഗ്രിഗറി | സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് |
| ജാബിർ വളാഞ്ചേരി | (പരാതിക്കാരൻ ശ്രീ. മൊയ്തുട്ടിക്ക് വേണ്ടി) |
| സക്കീർ മൂടാൽ | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് |

**അദാലത്തിൽ പരിഹണിച്ച അപേക്ഷകളുടെ / പരാതികളുടെ വിവരം**

അദാലത്ത് സിറ്റിംഗ് ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസിൽ വെച്ച് 2.00 pm ന് ഓൺലൈനായി നടത്തി. അദാലത്ത് കൺവീനറും ഇന്റേണൽ വിജിലൻസ് ഓഫീസറുമായ ശ്രീ.ഖാലിദ് പി.കെ, അദാലത്ത് അംഗവും ഡെപ്യൂട്ടി ടൌൺ പ്ലാനറുമായ ശ്രീമതി.റെനി എൽ.ജെ എന്നിവർ ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസിൽ നിന്നും അദാലത്ത് അംഗവും, കുറ്റിപ്പുറം ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ ശ്രീമതി. ദിവ്യ, ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാരും, ജീവനക്കാരും പരാതിക്കാരും ഓൺലൈനായും അദാലത്തിൽ പങ്കെടുത്തു.

അദാലത്തിൽ പരിഗണിച്ച അപേക്ഷകളിൽ 3 എണ്ണം പുതിയവയും 8 എണ്ണം മുൻ അദാലത്തുകളിൽ പരിഗണിച്ച് തീർപ്പാക്കി final advice നൽകിയിട്ടും അദാലത്ത് തീരുമാനങ്ങളിൽ സെക്രട്ടറിമാർ നടപടി സ്വീകരിക്കാത്തതിനാൽ റിവ്യൂ ചെയ്യുന്നവയുമാണ്.

**23/07/2024 ന് പരിഗണിക്കുന്ന സിറ്റിസൺ അസിസ്റ്റൻറ്സ്ഥിര അദാലത്ത് അപേക്ഷകൾ**

| Sl No. | Doc. No: | Service Type | Local body | Applicant | Phone | Status |
|---|---|---|---|---|---|---|
| 1 | TLMPM 20955000037 | Building Permit | Kuttippuram | Shareef P | 96059679556 | Hearing Scheduled |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | CRMPM 20955000036 | Civil Registration | Kuttippuram | Sakkeer Moodal | 8891503816 | Hearing Scheduled |
| 3 | BPMPM 21273000011 | Building Permit | Valanchery | Moidutty & Others | 9745675129 | Hearing Scheduled |

Review of applications having final advice given but implementation updation not done at LSGI level as on 23/07/2023

| Doc. No: | Service Type | Local body | Applicant | Phone | Status |
|---|---|---|---|---|---|
| TLMPM 20955000034 | Trade Licence | Kuttippuram | Moideenkutty PV | 9995176000 | Final Advice |
| BPMPM 20955000031 | Building Permit | Kuttippuram | KUNHIMOIDEEN | 9605720540 | Final Advice |
| BPMPM 20955000035 | Building Permit | Kuttippuram | MUHAMMED ASHRAF | 9633433386 | Final Advice |
| BPMPM 20955000032 | Building Permit | Kuttippuram | RAVIKUMAR C | 9633730007 | Final Advice |
| BPMPM 20955000033 | Building Permit | Kuttippuram | IBRAHIM SABA KAREEM | 9995259111 | Final Advice |
| BPMPM 20987000021 | Building Permit | Vattamkulam | Badarudheen | 9746641627 | Final Advice |
| BPMPM 20951000008 | Building Permit | Athavanad | Ayisha Edayath | | Final Advice |
| BPMPM 21273000010 | Building Permit | Valancheri | Kunhimohammed MK | 9746427102 | Final Advice |

## **തീരുമാനങ്ങൾ**

അപേക്ഷ 1

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

ശ്രീ.ഷരീഫ്.പി

1327/2020 നമ്പറിൽ 13/02/2020ൽ ബിൽഡിംഗ് നമ്പറിംഗിനായി അപേക്ഷ സമർപ്പിച്ചിരുന്നു എന്നാൽ നാളിതുവരെ ആയത് പ്രോസസ് ചെയ്യാനോ മറ്റോ പഞ്ചായത്ത് അധികൃതർ തയ്യാറായിട്ടില്ല. ജനപ്രതിനിധി സമക്ഷം reciept നൽകി ഫയൽ തീർപ്പാക്കാൻ പറഞ്ഞെങ്കിലും ഫയൽ കാണുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ആയതിനാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാണമെന്നാണ് അപേക്ഷ. പരാതിക്കാരനും സെക്രട്ടറിയും അദാലത്തിൽ ഹാജരായിരുന്നു. സമർപ്പിച്ച അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുന്നതിന് 11-2-21ന് പഞ്ചായത്തിൽ നിന്നും പരാതിക്കാരന് കത്ത് നൽകിയിരുന്നു. എന്നാൽ അപാകതകൾ പരിഹരിച്ച് പുനസമർപ്പിച്ചിരുന്നില്ല. ILGMS

ആരംഭിക്കുന്നതിന് മുമ്പുള്ള അപേക്ഷയായതിനാൽ ഫയൽ ലഭ്യമായിരുന്നില്ല. അദാലത്തിൽ പരാതി വന്നതിനെ തുടർന്ന് ഫയൽ തെരഞ്ഞ് കണ്ടെത്തുകയും അപേക്ഷകനോട് അപാകതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുന്നതിന് നിർദ്ദേശിച്ച പ്രകാരം 20-7-24ന് അപേക്ഷകൻ അപാകതകൾ പരിഹിച്ച അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്ന് സെക്രട്ടറിയും അപേക്ഷകനും അറിയിച്ചു. 20/07/2024ന് തന്നെ അപേക്ഷ എ.ഇ.യ്ക്ക് ഫീൽഡ് അന്വേഷണത്തിന് കൈമാറിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

മേൽ സാഹചര്യത്തിൽ അപേക്ഷ 10 ദിവസത്തിൽകം തീർപ്പാക്കി അടുത്ത അദാലത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

അപേക്ഷ 2

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് മെമ്പറായ ശ്രീ.സക്കീർ മൂടാൽ 2798 നമ്പർ പ്രകാരം 20/05/2024ന് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. പഞ്ചായത്തിൽ കെട്ടികിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നത് സംബന്ധിച്ചാണ് കത്ത്. ടി കത്തിന് മറുപടി ലഭിച്ചില്ലെന്നാണ് പരാതി. ഈ അദാലത്ത് സംവിധാനത്തിൽ കെട്ടിട നിർമ്മാണം, ലൈസൻസ്, സിവിൽ രജിസ്ട്രേഷൻ എന്നീ വിഭാഗങ്ങളിൽപെട്ട സേവനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങളിൽ അപേക്ഷ നൽകി സേവനം ലഭിക്കാത്തവരുടെ പരാതികളാണ് പരിഗണിക്കുന്നത്. ശ്രീ. സക്കീർ മൂടാൽ എന്നവരുടെ പരാതി ഏതെങ്കിലും ഒരു പ്രത്യേക അപേക്ഷ സംബന്ധിച്ച് അല്ലാത്തതിനാൽ ആ രീതിയിൽ തീർപ്പാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് അദാലത്ത് സമിതി വിലയിരുത്തി. എങ്കിലും പരാതിയുടെ ഗൌരവം ഉൾക്കൊണ്ട്, സേവനങ്ങൾക്കുള്ള പൊതുജനങ്ങളുടെ അപേക്ഷകൾ പെന്റിംഗ് ഉള്ളത് സമയബന്ധിതമായി തീർപ്പാക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. പെൻറിംഗ് ഫയലുകൾ തീർപ്പാക്കുന്നതിന് പഞ്ചായത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും അദാലത്തുകൾ സംഘടിപ്പിക്കുന്നതിനും തീർപ്പാക്കൽ പുരോഗതി പഞ്ചായത്ത് മീറ്റിംഗിൽ അവലോകനം ചെയ്യുന്നതിനും നിർദ്ദേശിച്ചുകൊണ്ടും തീരുമാനിച്ചു.

അപേക്ഷ 3

വളാഞ്ചേരി നഗരസഭ

മൊയ്തൂട്ടി മുതൽ പേർ.

A4-858/18 പ്രകാരം കെട്ടിട നമ്പറിന് വേണ്ടി അപേക്ഷ നൽകിയിരുന്നു. കോവിഡ് സമയത്തു കെട്ടിടം നഗരസഭ കോവിഡ് സെന്റർ ആയി ഉപയോഗിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിന് നമ്പറിന് ബന്ധപ്പെട്ട അനേഷിച്ചപ്പോൾ നിർമാണ അനുമതി സമയം കഴിഞ്ഞു എന്നും സമർപ്പിച്ച അപേക്ഷയിൽ മാറ്റങ്ങൾ ഉണ്ടെന്നും ആണ് അറിയാൻ കഴിഞ്ഞത് അപേക്ഷയിൽ നഗരസഭയിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ആയതു കൊണ്ട് a4-858/18 പ്രകാരം എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ വീണ്ടും പ്ലാൻ സമർപ്പിച്ചു നമ്പർ

അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. അതിനോട് കൂടി പഴയ പഴയ കെട്ടിട നിർമാണ അനുമതിയിൽ തന്നെ ഈ അപേക്ഷ പരിഗണിക്കണമെന്നും അപേക്ഷിക്കുന്നു എന്നിങ്ങനെയാണ് പരാതിയിൽ പറഞ്ഞിരിക്കുന്നത്.

മൊയ്തുട്ടിക്ക് വേണ്ടി ജാബിർ എന്നയാളാണ് അദാലത്തിൽ പങ്കെടുത്തത്. നിലവിൽ ഈ കെട്ടിടം ഹോസ്റ്റലായാണ് ഉപയോഗിക്കുന്നതെന്നും ബാത്ത് റൂം പുതുതായി നിർമ്മിച്ചിട്ടുണ്ടെന്നും ജാബിർ അറിയിച്ചു. ഒപ്പിട്ട പെർമിറ്റ് കോപ്പി കാണുന്നില്ലെന്നും സങ്കേതത്തിലെ രേഖകൾ മാത്രമേ ലഭ്യമായുള്ളൂ, അപേക്ഷ ഒറിജിനൽ നഗരസഭയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു. അപേക്ഷ അപാകതകൾ പരിഹരിച്ചും നിലവിലെ ടി കെട്ടിടത്തിന്റെ സ്റ്റാറ്റസ് പ്രകാരവും അപേക്ഷയും പ്ലാനും പുനസമർപ്പിച്ചാൽ മാത്രമേ അപേക്ഷ തീർപ്പാക്കാൻ കഴിയുകയുള്ളൂ എന്നും സെക്രട്ടറി അറിയിച്ചു. സങ്കേതത്തിലെ ഫയലിന്റെ ഹാർഡ് കോപ്പി കാണാൻ കഴിയില്ല സങ്കേതം ഓപ്പൺ ചെയ്യാനും കഴിയുന്നില്ലെന്ന് സെക്രട്ടറി അറിയിച്ചു. പെർമിറ്റ് അപ്രൂവ് ചെയ്ത് കൊടുത്തിട്ടുണ്ടാകുമെന്നും അവർ അറിയിച്ചു. ഒരുപാട് വർഷങ്ങൾക്ക് മുമ്പുള്ള അപേക്ഷ ആയതിനാൽ അപേക്ഷകന്റെ കൈവശമുള്ള രേഖകൾ ഹാജരാക്കാൻ അപേക്ഷകന് നിർദ്ദേശം നൽകുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. 2018 ലാണ് പെർമിറ്റ് അനുവദിച്ച് നൽകിയത് എന്നും പെർമിറ്റ് പേപ്പർ ലഭിച്ചിട്ടുണ്ടെന്നും മൊയ്തീൻകുട്ടിക്ക് വേണ്ടി യോഗത്തിൽ ഹാജരായ ശ്രീ.ജാബിർ എന്നവർ പറഞ്ഞു. ഹാജരാക്കിയ രേഖയിൽ ഡിജിറ്റൽ സിഗ്നേച്ചർ കാണാതായതിനാൽ ആധികാരികത ഉറപ്പുവരുത്തുന്നതിന് ആയതിന്റെ സാധുത പരിശോധിക്കുന്നതാണെന്നും തുടർനടപടി സ്വീകരിക്കാമെന്ന് സെക്രട്ടറി പറഞ്ഞു.

മേൽ വസ്തുകകളിൽനിന്നും പെർമിറ്റ് അനുവദിച്ചത് താമസ ആവശ്യത്തിന് (Group A1) ആണെന്നും കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചപ്പോൾ അപാകതകൾ കണ്ടെത്തിയതിനാൽ അവ പരിഹരിക്കുന്നതിന് നഗരസഭയിൽനിന്നും കത്ത് നൽകിയെങ്കിലും അവ പരിഹരിച്ച് അപേക്ഷ പുനനസമർപ്പിച്ചെല്ലെന്നും നിലവിൽ ടി കെട്ടിടം പ്രത്യേക താമസ ഗണത്തിൽ പെട്ട ഹോസ്റ്റലായി ഉപയോഗിച്ച് വരികയാണെന്നും അദാലത്ത് സമിതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. 542 m2 ന് പെർമിറ്റ് അനുവദിച്ച കെട്ടിടം 200 m2 കൂടുതലായി നിർമ്മിച്ചതായും കാണുന്നു. ആയതിനാൽ ഒറിജിനൽ അപേക്ഷ തെരഞ്ഞ് കണ്ടെത്തുതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയും A1 ഗണത്തിൽ നിന്നും A2 ഗണത്തിലേക്ക് മാറ്റുന്നതിനും അതികമായി നിർമ്മിച്ച ഏരിയ ക്രമവൽക്കരിക്കുന്നതിനും റിവൈസ്ഡ് പ്ലാനും, അപേക്ഷയും നഗരസഭയിൽ സമർപ്പിക്കുന്നതിന് പരാതിക്കാരന് നിർദ്ദേശം നൽകിയും തീരുമാനിച്ചു.

പെർമിറ്റ് ഫീസ്/ക്രമവൽക്കരണ ഫീസും വസ്തുനികുതിയും അടവാക്കാതെ അനധികൃമായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനെതിരെ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം നടപടികൾ ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

**<u>മുൻ അദാലത്തുകളിൽ പരിഗണിച്ചതും, അദാലത്ത് തീരുമാനങ്ങൾ സെക്രട്ടറിമാർ നടപ്പാക്കാത്തതിനാൽ റിവ്യൂ ചെയ്യുതുമായ അപേക്ഷകൾ</u>**

_

<u>കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്</u>

1)മൊയ്തീൻ കുട്ടി പി.വി 2) കുഞ്ഞിമൊയ്തീൻ 3).മുഹമ്മദ് അഷ്റഫ് 4) രവികുമാർ സി 5) ഇബ്രാഹിം സാബ കരീം എന്നിവരുടെ പരാതികൾ മുൻ അദാലത്തിൽ പരിഗണിച്ച് തീർപ്പാക്കിയതാണ്. അദാലത്ത് തീരുമാനപ്രകാരമുള്ള നടപടികൾ സ്വീകിച്ചിട്ടുണ്ടെന്നും സേവനം നൽകിയിട്ടുണ്ടെന്നും വിവരം സൈറ്റിൽ ഇന്ന് തന്നെ അപ്ഡേറ്റ് ചെയ്യുമെന്നും സെക്രട്ടറി അറിയിച്ചു. സെക്രട്ടറിയുടെ വിശദീകരിണത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ആവശ്യമില്ലെന്ന് തീരുമാനിച്ചു.

<u>വട്ടംകുളം ഗ്രാമ പഞ്ചായത്ത്</u>

**6.** ശ്രീ.ബദറുദ്ദീൻ നൽകിയ പരാതിയുമായി ബന്ധപ്പെട്ട പെർമിറ്റ് അപേക്ഷ കണ്ടെത്താൻ ഉപതെരഞ്ഞെടുപ്പ് കാരണം അധിക ജോലിഭാരത്താൽ കഴിഞ്ഞിട്ടില്ലെന്നും, ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ ഉണ്ടെന്നും ആയത് സങ്കേതം ഫയലിൽ ഇല്ലെന്നും സെക്രട്ടറി പറഞ്ഞു. നഞ്ച കമ്മറ്റി കൂടി നൽകിയ പെർമിറ്റ് ആണെന്നും അപേക്ഷ പരിഗണിക്കുന്ന തീയതിയിൽ നഞ്ച കമ്മറ്റിയുടെ ഉത്തരവ് നിലവിലില്ലെന്നും, ഉത്തരവ് പിൻവലിച്ചിട്ടും പഴയ സർക്കുലർ വെച്ച് അനുമതി നൽകിയിട്ടുണ്ടെന്നും സമിതി വിലയിരുത്തി. കൊറോണ കാലമായതിനാൽ പൂർത്തീകരണത്തിന് കാലതാമസം വന്നിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് പുനർനിർമ്മാണം നടത്തിയതിനാൽ ഫയൽ സ്ഥാനം മാറിയിരിക്കാൻ സാധ്യതയുണ്ടെന്നും ആയതിനാൽ പെർമിറ്റ് അപേക്ഷ കണ്ടെത്തുന്നതിന് സെക്രട്ടറിക്ക് ഒരവസരം കൂടി നൽകി 7 ദിവസത്തിനകം പരാതിക്കാരന് തീരുമാനം രേഖാമൂലം നൽകുന്നതിനും അല്ലാത്ത പക്ഷം പരാതി ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിനും തീരുമാനിച്ചു.

<u>ആതവനാട് ഗ്രാമ പഞ്ചായത്ത്</u>

7. ശ്രീമതി. ആയിഷയുടെ പെർമിറ്റ് അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടതിന് ഓവർസിയറിൽ നിന്നും ലഭിച്ച വിശദീകരണം തൃപ്തികരമല്ല. ഓവർസിയർ നോട്ടിൽ നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമാക്കാതെ ക്രമവൽക്കരണത്തിന് ശുപാർശ ചെയ്തത് ശരിയായ നടപടിയല്ലെന്ന് കാണുന്നു. ആയിഷ സമർപ്പിച്ച പ്ലാൻ പ്രകാരം ഗ്രൌണ്ട് ഫ്ലോറിൽ 113.60m2 ഉം ഒന്നാം നിലയിൽ 59.20m2 ഉം അടക്കം 172.20 m2 വിസ്തൃതിയിലാണ് വീട് നിർമ്മിക്കുന്നത്. അടിത്തറ പൂർത്തീകരിച്ചിട്ടുണ്ടെ ന്നാണ് അദാലത്ത് വേളയിൽ ഓവർസീർ അറിയിച്ചത്. ക്രമവൽക്കരണ ഫീസ് 50x2 രൂപ നിരക്കിൽ കണക്കാകുന്നതിന് പകരം 100x2 രൂപ നിരക്കിൽ അധിക തുക ഡിമാന്റ് ചെയ്തതും ഗുരുതരമായ വീഴ്ചയാണെന്ന് സമിതി ചൂണ്ടിക്കാട്ടി. കൂടാതെ നിർമ്മാണം ആരംഭിക്കാത്ത ഒന്നാം നിലക്ക് ക്രമവൽക്കരണ ഫീസ് ഈടാക്കിയത് ശരിയായ നടപടി അല്ലെന്നും ഗ്രൌണ്ട് ഫ്ലോറിന് മാത്രം ക്രമവൽക്കരണ ഫീസ് ചുമത്തിയാൽ മതിയെന്നും സമിതി വിലയിരുത്തി. 34500 രൂപ ക്രമവൽക്കരണ ഫീസ് ചുമത്തിയത് പുനപരിശോധിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

<u>വളാഞ്ചേരി മുനിസിപ്പാലിറ്റി</u>

8.കഴിഞ്ഞ അദാലത്തിലെ നിർദ്ദേശ പ്രകാരം കെട്ടിടം പരിശോധിക്കുകയുണ്ടായെന്നും കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.കുഞ്ഞിമുഹമ്മദ് സമർപ്പിച്ച അപേക്ഷയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും

സെക്രട്ടറി അറിയിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറുടെ സൈറ്റ് പരിശോധനയിൽ 907 m2ൽ കൂടുതൽ ഏരിയ (base floor sheet, porch) ഉള്ളതായി ബോധ്യപ്പെട്ടതിനാൽ അവകൂടി പരിഹരിക്കേണ്ടതുണ്ടെന്ന് അസി. എഞ്ചിനീയർ അറിയിച്ചു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് വാങ്ങി അപാകതകൾ പരിഹരിച്ച് അപേക്ഷയും പ്ലാനും പുനസമർപ്പിക്കുന്നതിന് പരാതിക്കാരന് ഒരിക്കൽകൂടി നോട്ടീസ് നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. നടപടി വിവരം അദാലത്ത് സൈറ്റിൽ സെക്രട്ടറി അപേഡേറ്റ് ചെയ്യേണ്ടതാണ്.

ഉപജില്ലാ അദാലത്ത് സമിതി പരിഗണിക്കുന്ന മൂന്ന് വിഷയങ്ങൾ കൂടാതെ ആകെ മറ്റ് 14 വിഷയങ്ങളിലെ പരാതികൾ കൂടി പരിഹരിക്കുന്നതിന് 12/08/2024 ന് ബഹു തദ്ദേശ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതല തദ്ദേശ അദാലത്ത് നടക്കുന്നതിനെ കുറിച്ചും ഈ അദാലത്തിനു മുമ്പ് പെന്റിംഗായിട്ടുള്ള അപേക്ഷകൾ ഉടൻ തീർപ്പാക്കുന്നതിനും തീരുമാനിച്ചു.

യോഗം 3.pm ന് അവസാനിച്ചു.

(ഒപ്പ് )

ഖാലിദ് പി കെ, കൺവീനർ

ഉപജില്ലാ അദാലത്ത് സമിതിക്ക് വേണ്ടി

**Signed by Khalid P K**
**Date: 26-07-2024 23:05:28**